**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 430** **02-11-2021 - ൽ മറുപടിയ്ക്ക്**

**വയോജനങ്ങളുടെ വിവിധ പ്രശ്നങ്ങളെ സംബന്ധിച്ച് പഠനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ പി സി വിഷ്ണുനാഥ്,<br>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ ,<br>ഡോ. മാത്യു കുഴൽനാടൻ,<br>ശ്രീ . ഷാഫി പറമ്പിൽ** | | **Dr. R. Bindu<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് വയോജനങ്ങളെ സംബന്ധിക്കുന്ന വിവിധ പ്രശ്നങ്ങളെ കുറിച്ച് പഠനം നടത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ പഠനത്തിന്റെ പ്രസക്തമായ കണ്ടെത്തലുകൾ എന്തൊക്കെയാണ് എന്ന് വിശദമാക്കാമോ; | (എ) | (എ) മുതിർന്ന പൗരന്മാരുടെ സംരക്ഷണത്തിനായി സംസ്ഥാനത്ത് പ്രവർത്തിച്ചുവരുന്ന മെയിന്റനൻസ് ട്രൈബ്യൂണലുകളുടെയും അപ്പലേറ്റ് ട്രൈബ്യൂണലുകളുടെയും പ്രവർത്തനം സംബന്ധിച്ച് 2015 വർഷത്തിൽ സെന്റർ ഫോർ സോഷ്യോ ഇക്കണോമിക് ആൻഡ് എൻവയോൺമെന്റൽ സ്റ്റഡീസ് പഠനം നടത്തിയിട്ടുണ്ട്. കൂടാതെ വയോജനങ്ങൾക്കുവേണ്ടി സർക്കാർ സംസ്ഥാനത്ത് നടപ്പിലാക്കുന്ന പദ്ധതികളുടെയും, പ്രോഗ്രാമുകളുടെയും, ഗുണ നിലവാരം വിലയിരുത്തുന്നതിനായി സെന്റർ ഫോർ സോഷ്യോ ഇക്കണോമിക് ആൻഡ് എൻവയോൺമെന്റൽ സ്റ്റഡീസിനെ ചുമതലപ്പെടുത്തിയതിന്റെ അടിസ്ഥാനത്തിൽ പഠനം നടന്നു വരികയാണ്. അന്തിമ റിപ്പോർട്ട് ലഭ്യമായിട്ടില്ല. |
| (ബി) | വയോജനങ്ങളുമായി ബന്ധപ്പെട്ട് നിലവിൽ സംസ്ഥാനത്ത് നടപ്പാക്കി വരുന്ന നിയമങ്ങൾ ഏതെല്ലാമാണ്; ഈ നിയമങ്ങളുടെ കാര്യക്ഷമത പരിശോധിച്ചിട്ടുണ്ടോ; ഇവ നടപ്പാക്കുന്നതുമായി ബന്ധപ്പെട്ട് വിലയിരുത്തൽ നടത്തിയിട്ടുണ്ടോ; വിശദാംശങ്ങൾ നൽകാമോ; | (ബി) | (ബി) വയോജന സുരക്ഷയുമായി ബന്ധപ്പെട്ട് നിലവിൽ സംസ്ഥാനത്ത് Maintenance and Welfare of Parents and Senior Citizens Act 2007, Kerala Maintenance and Welfare of Parents and Senior Citizens Rule 2009 എന്നീ നിയമങ്ങളുടെയും ചട്ടങ്ങളുടെയും അടിസ്ഥാനത്തിലാണ് വയോജന സുരക്ഷയുമായി ബന്ധപ്പെട്ട നിയമ നടപടികൾ സ്വീകരിച്ച് വരുന്നത്. വയോജനങ്ങൾ മെയിന്റനൻസ് ട്രൈബ്യൂണലുകളിൽ സമർപ്പിക്കുന്ന പരാതികൾ തീർപ്പാക്കുന്നത് പരിശോധിച്ച് ആയതിന്റെ കാര്യക്ഷമത വിലയിരുത്തുന്നതിനായി സംസ്ഥാനത്തെ 27 RDO കാര്യാലയങ്ങളിലെയും ടെക്നിക്കൽ അസ്സിസ്റ്റന്റുമാരിൽ നിന്നും പ്രതിമാസം പാദവാർഷിക / വാർഷിക റിപോർട്ടുകൾ ലഭ്യമാക്കി വരുന്നുണ്ട്. |

| | | | |
|---|---|---|---|
| (സി) | വൃദ്ധരായ മാതാപിതാക്കളെ ഉപദ്രവിക്കുകയും ഉപേക്ഷിക്കുകയും ചെയ്യുന്ന മക്കൾക്കെതിരെ നടപടി സ്വീകരിക്കാൻ നിലവിലെ നിയമങ്ങൾ വ്യവസ്ഥ ചെയ്യുന്നുണ്ടോ; ഇല്ലെങ്കിൽ ഇതിനായി നിയമനിർമ്മാണം നടത്താൻ തയ്യാറാകുമോ; | (സി) | (സി) വൃദ്ധരായ മാതാപിതാക്കളെ ഉപദ്രവിക്കുകയും, ഉപേക്ഷിക്കുകയും ചെയ്യുന്ന മക്കൾക്കെതിരെ നടപടി സ്വീകരിക്കാൻ മാതാപിതാക്കളുടെയും മുതിർന്ന പൗരന്മാരുടെയും സംരക്ഷണവും ക്ഷേമവും സംബന്ധിച്ച നിയമം 2007 (Maintenance and Welfare of Parents and Senior Citizens Act 2007) ൽ വ്യവസ്ഥ ചെയ്യുന്നുണ്ട്. |
| (ഡി) | നിലവിലെ നിയമം നടപ്പാക്കുന്നതിലെ പോരായ്മകൾ എന്തെല്ലാമാണെന്ന് പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ ഇവ പരിഹരിക്കാൻ സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ? | (ഡി) | (ഡി ) കോവിഡ് 19 വ്യാപന പശ്ചാത്തലത്തിൽ വയോജങ്ങൾക്ക് റിവേഴ്സ് ക്വാറന്റൈൻ ഏർപ്പെടുത്തിയിരുന്നതിനാൽ 2020 വർഷം മുതൽ സാധാരണ നിലക്ക് വയോജനങ്ങളെ ട്രൈബ്യൂണലുകളിൽ എത്തിച്ച് ഹിയറിംഗ് നടത്തുന്നതിന് സാധിച്ചിരുന്നില്ല. ടി കാലയളവിൽ കേസുകൾ തീർപ്പാക്കുന്നതിൽ പ്രയാസം നേരിടേണ്ടി വന്നിട്ടുണ്ട്. ആയത് പരിഹരിക്കുന്നതിന് പരിമിതിയുണ്ടെങ്കിലും സാധ്യമായ പരിഹാര നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ